# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 253

23.01.2018 ൽ മറുപടിക്ക്

## ഗെയ്‌ൽ പ്രകൃതി വാതക പൈപ്പ് ലൈൻ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) | ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി ( KKBMPL) ക്കുള്ള പ്രാരംഭ സർവ്വേ നടപടികളും , 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യമായ മുഴുവൻ ഭൂമിയുടെയും അവകാശം കേന്ദ്രസർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. കേരളത്തിലെ മൊത്തം ദൈർഘ്യമായ 403 കി.മീറ്ററിൽ 94.5 കി.മി. പൈപ്പ് ലൈൻ സ്ഥാപിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന മലബാർ മേഖലയിലെ നിർദ്ദിഷ്ട പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിലുള്ള അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനും ജനവാസ മേഖലകളെ ഒഴിവാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ ? | (ബി) | 1962 ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഭൂമിയുടെ അവകാശം ഏറ്റെടുത്ത് പൈപ്പ് ലൈൻ വിന്യസിച്ചു വരുന്നത്. 2011 ൽ തന്നെ പൈപ്പ് ലൈനിനു വേണ്ടിയുള്ള റൂട്ട് നിശ്ചയിക്കുകയുണ്ടായി. ഗെയിൽ -പ്രകൃതിവാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. പത്ത് സെന്റോ അതിനു താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിനു പുറമെ സെന്റിന് 3761/- രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്ന് |

| | | | |
|---|---|---|---|
| | | | സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. പത്ത് സെന്റോ അതിനു താഴെ മാത്രം ഭൂമിയുള്ളവരുടെ പൈപ്പ് ലൈൻ ഇടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്റർ ആയി ചുരുക്കും. നിലവിലെ വീടുകൾ സംരംക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വെയ്ക്കുത്തക്ക രീതിയിൽ അലൈൻമെന്റ് ഒരു വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്തിന് വീട് വെയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതി പത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ ഉടമകൾക്ക് കൈമാറും. ജനവാസമേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ് ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുമതിച്ചുള്ള കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ് ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും, വ്യാജ പ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്ത് തോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ദൃശ്യ / പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും പ്രയോജനവും പ്രചരിപ്പിച്ചു വരുന്നു. ഇതിലുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തികൊണ്ടിരിക്കുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**